## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *117** **12/03/2015 ൽ മറുപടിയ്ക്ക്**

## സ്കൂളുകളിലെ സാനിട്ടേഷൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ :<br>ശ്രീ. എ.എ. അസീസ് : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ആവശ്യത്തിന് മൂത്രപ്പുരകളും കക്കൂസുകളും നിലവിലുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ; | (എ) ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഇവയുടെ സംസ്ഥാപനത്തിൽ വ്യത്യാസമുണ്ടോ ; റേഷ്യോ വ്യക്തമാക്കുമോ ; | (ബി) ഉണ്ട്, കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ച് ഒരു മൂത്രപ്പുര 20 മുതൽ 40 വരെ കുട്ടികൾക്കും ഒരു ശൗചാലയം 80 മുതൽ 120 വരെ കുട്ടികൾക്കും (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം) ഉപയോഗിക്കാവുന്നതാണ്. |
| സി) മൂത്രപ്പുരകളും കക്കൂസുകളും ഉപയോഗയോഗ്യമാണെന്ന് കണ്ടെത്തുന്നതിന് പരിശോധന നടത്താറുണ്ടോ ; വ്യക്തമാക്കുമോ ; | (സി) പരിശോധന നടത്താറുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശന വേളകളിൽ, പ്രസ്തുത സ്കൂളുകളിൽ ടോയ്‌ലറ്റുകളും യൂറിനലുകളും വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) സ്കൂളുകളിലെ സാനിട്ടേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഡി) ഉപയോഗശൂന്യമായ 272 ടോയ്‌ലറ്റുകൾ നന്നാക്കി എടുക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽ നിന്ന് 204 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>600 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ മൂത്രപ്പുര, ടോയ്‌ലറ്റ്, കുടിവെള്ളവിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി 31.16 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കുടിവെള്ള വിതരണം ടോയ്‌ലറ്റ് നിർമ്മാണം/ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും നിലവിലുള്ളവയുടെ ശുചിത്വം |

ഉറപ്പാക്കുന്നതിനും അനുവദനീയമായ തുക പി.റ്റി.എ ഫണ്ടിൽ നിന്നും കണ്ടെത്തുവാൻ സ്കൂൾ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട മാനേജർമാർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ